മംഗളം

Sep 2, 2016

# ഐ.സി.എ.ആർ ദക്ഷിണ മേഖല സ്പോർട്സ് മീറ്റ്: സി.എം.എഫ്.ആർ.ഐ ചാംപ്യൻമാർ

കൊച്ചി: ഹൈദരാബാദിൽ നടന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ) ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഓവറോൾ ചാംപ്യൻമാരായി.

ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റ് സംഘടിപ്പിച്ച മീറ്റിൽ ഐ.സി.എ.ആറിന് കീഴിലുള്ള 25 ഗവേഷണ സ്ഥാപനങ്ങളിൽ നിന്നായി 685 പേരാണ് പങ്കെടുത്തത്. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളാണ് ഇവ. 38 മത്സരയിനങ്ങളിൽ നിന്ന് 77 പോയിന്റ് നേടിയാണ് ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ തുടർച്ചയായ രണ്ടാം തവണയും സി.എം.എഫ്.ആർ.ഐ ചാംപ്യൻമാരായത്.



■ ഹൈദരാബാദിൽ നടന്ന ഐ.സി.എ.ആർ ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ ഓവറോൾ ചാംപ്യൻമാരായ സി.എം.എഫ്.ആർ.ഐ ടീം അംഗങ്ങൾ ട്രോഫിയുമായി.

72 പോയിന്റ് കരസ്ഥമാക്കിയ ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ചിന് (ഐ.ഐ.എച്ച്. ആർ) ആണ് രണ്ടാം സ്ഥാനം. സി.എം.എഫ്.ആർ.ഐക്ക് വേണ്ടി വിവിധ സെന്ററുകളിൽ നിന്നായി 51 പേർ സ്പോർട്സ് മീറ്റിൽ പങ്കെടുത്തു. ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ സിംഗിൾസ്, ബാഡ്മിന്റൺ ഡബിൾസ്, സൈക്ലിംഗ്, 4 ഃ 100 റിലേ, ഹൈജമ്പ് എന്നീ മത്സരയിനങ്ങളിൽ സി.എം.എഫ്.ആർ.ഐ ഒന്നാം സ്ഥാനം നേടി.